**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** **23-02-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി ഏറെ പ്രതികൂലമായ സാഹചര്യത്തിൽ സംസ്ഥാനത്തിന് വേണ്ടുന്ന കേന്ദ്രസഹായം ലഭ്യമല്ലാതായിട്ടും സംസ്ഥാന വികസനം ഉറപ്പാക്കാനായി മുൻ സർക്കാർ സ്വീകരിച്ചതും നിലവിലെ സർക്കാർ സ്വീകരിച്ചുവരുന്നതുമായ സാമ്പത്തിക മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച പ്രതികൂല സാഹചര്യങ്ങളും കോവിഡിന്റെ പശ്ചാത്തലത്തിൽ നിർവ്വഹിച്ച അധിക ചെലവുകളും സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കം നികുതി പിരിവ് ഊർജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള സാമ്പത്തിക തന്ത്രം വിഭാവനം ചെയ്താണ് നേരിട്ട്പോരുന്നത്. ഇതോടൊപ്പം സമ്പദ് വ്യവസ്ഥ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെ കൊണ്ടു വരുന്നതിനും വളർച്ചയുടെ ഗതിവേഗം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കോവിഡ് പ്രതിരോധ കുത്തിവയ്പ്പിന്റെ വേഗം വർദ്ധിപ്പിക്കൽ, ധനപരമായ ഏകീകരണ നടപടികൾ, വിവിധ മേഖലകൾക്കുള്ള പിന്തുണ പദ്ധതികൾ, സാമൂഹിക സുരക്ഷാ വല |

| | | | |
|---|---|---|---|
| | | | വിപുലീകരണം, അധിക മൂലധന ചെലവുകൾ അടക്കമുള്ള വിവിധതല സ്പർശിയായ നടപടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | കേന്ദ്ര സർക്കാർ വിവേചനം പല സംസ്ഥാനങ്ങളെയും പ്രതിസന്ധിയിലാക്കിയതുപോലെ കേരളത്തെ എത്തരത്തിൽ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച പ്രതികൂല സാഹചര്യങ്ങളും കോവിഡിന്റെ പശ്ചാത്തലത്തിൽ നിർവ്വഹിച്ച അധിക ചെലവുകളും സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കം നികുതി പിരിവ് ഊർജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള സാമ്പത്തിക തന്ത്രം വിഭാവനം ചെയ്താണ് നേരിട്ട്പോരുന്നത്. ഇതോടൊപ്പം സമ്പദ് വ്യവസ്ഥ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെ കൊണ്ടു വരുന്നതിനും വളർച്ചയുടെ ഗതിവേഗം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കോവിഡ് പ്രതിരോധ കുത്തിവയ്പ്പിന്റെ വേഗം വർദ്ധിപ്പിക്കൽ, ധനപരമായ ഏകീകരണ നടപടികൾ, വിവിധ മേഖലകൾക്കുള്ള പിന്തുണ പദ്ധതികൾ, സാമൂഹിക സുരക്ഷാ വല വിപുലീകരണം, അധിക മൂലധന ചെലവുകൾ അടക്കമുള്ള വിവിധതല സ്പർശിയായ നടപടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (സി) | കോവിഡ് പ്രതിസന്ധി സംസ്ഥാനത്തെ എത്തരത്തിൽ സാമ്പത്തികമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | കോവിഡ് മഹാമാരിയുടെ തുടർച്ചയായ ഇടവേളകളിലെ തരംഗങ്ങൾ സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും നിശ്ചലമാക്കുകയും പുനരുജ്ജീവനം ഒരു പരിധിവരെ അസാദ്ധ്യമാക്കുകയും ചെയ്തിരുന്നു. സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദീഭവിച്ചത് ദൈനംദിന |

| | | | |
|---|---|---|---|
| | | | ജീവിതത്തെയും ജീവനോപാധികളെയും, സർക്കാർ സാദ്ധ്യമായ നടപടികളും പിന്തുണകളും സ്വീകരിച്ചുവെങ്കിലും, അങ്ങേയറ്റം ഗുരുതരമായി ബാധിച്ചുവെന്നത് വസ്തുതയാണ്. തത്ഫലമായി സംസ്ഥാനത്തിന്റെ വരുമാനം കോവിഡ് കാലയളവിൽ ഒരു പരിധി വരെ നിലച്ച സ്ഥിതിയായിരുന്നു. |
| (ഡി) | ഇവയെല്ലാം അതിജീവിച്ച് കേരള വികസനം യാഥാർത്ഥ്യമാക്കാനായി ധനവകുപ്പും സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ഡി) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച പ്രതികൂല സാഹചര്യങ്ങളും കോവിഡിന്റെ പശ്ചാത്തലത്തിൽ നിർവ്വഹിച്ച അധിക ചെലവുകളും സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കം നികുതി പിരിവ് ഊർജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള സാമ്പത്തിക തന്ത്രം വിഭാവനം ചെയ്താണ് നേരിട്ട്പോരുന്നത്. ഇതോടൊപ്പം സമ്പദ് വ്യവസ്ഥ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെ കൊണ്ടു വരുന്നതിനും വളർച്ചയുടെ ഗതിവേഗം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കോവിഡ് പ്രതിരോധ കുത്തിവയ്പ്പിന്റെ വേഗം വർദ്ധിപ്പിക്കൽ, ധനപരമായ ഏകീകരണ നടപടികൾ, വിവിധ മേഖലകൾക്കുള്ള പിന്തുണ പദ്ധതികൾ, സാമൂഹിക സുരക്ഷാ വല വിപുലീകരണം, അധിക മൂലധന ചെലവുകൾ അടക്കമുള്ള വിവിധതല സ്പർശിയായ നടപടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ഇ) | നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. | (ഇ) | 2017 - 18 ൽ 57.32 കോടിയും, 2018 - 19 ൽ 25.79 കോടിയും ലഭിക്കാനുണ്ട്. 2019 -20 ൽ 11.40 കോടി |

| | | | |
|---|---|---|---|
| | നഷ്ടപരിഹാരത്തുക എത്രയെന്ന് വ്യക്തമാക്കുമോ? | | രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. എന്നാൽ 2020-21, 2021-22 സാമ്പത്തിക വർഷം നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സ് വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, 41-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാന പ്രകാരം കേന്ദ്രം പൊതുവിപണിയിൽ നിന്നും കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020 - 21 സാമ്പത്തിക വർഷം 5766.00 കോടി രൂപയും 2021-22 സാമ്പത്തിക വർഷം ജനുവരി വരെ 8739.31 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| FY | Protected Revenue (cr) | Total Collection (cr) | Compensation recevable (cr) | Compensation (Cess fund) | Compensation (Loan) | Compensation (Total) | Balance (cr) |
|---|---|---|---|---|---|---|---|
| 2020-21 | 32400 | 20255.15 | 12144.85 | 6298.52 | 5766.00 | 12064.52 | 80.33 |
| 2021-22 (Jan 2022) | 30780 | 19353.87 | 11426.13 | 0 | 8739.31 | 8739.31 | 2686.82 |